# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2200** **06.02.2019 -ൽ മറുപടിക്ക്.**

## പൊതുവിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പൊതുവിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(ബി) ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ? | (എ) റേഷൻ വിതരണം സുഗമമാക്കുന്നതിനായി ചുവടെ പറയുന്ന കാര്യങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്.<br>യും<br>(ബി) യും<br>• സർക്കാർ ഏജൻസിയായ സപ്ലൈകോ വഴി വാതിൽപ്പടി വിതരണം ആരംഭിച്ചു.<br>• റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി. ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി<br>• ജില്ലാ പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്മാരെ നിയമിച്ചു.<br>• സംസ്ഥാന ഭക്ഷ്യകമ്മീഷൻ ചെയർപേഴ്സനെ നിയമിച്ചു.<br>• സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>• റേഷൻ കടകൾ വൈവിധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>• നവീകരണത്തിനായി ഒരു റേഷൻകടയ്ക്ക് 2500/- രൂപ വീതം അനുവദിച്ചു.<br>• 428 കോടി വാർഷിക സാമ്പത്തിക ബാധ്യത വരുന്ന പുതിയ കമ്മീഷൻ പാക്കേജ് 01.12.2018 മുതൽ നടപ്പിലാക്കി.<br>• ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പുരോഗമിച്ചു വരുന്നു.<br>• എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുത്ത് ജനങ്ങൾക്ക് വിതരണം ചെയ്യുന്നതു വരെയുള്ള ഭക്ഷ്യ ധാന്യങ്ങളുടെ നീക്കം സുതാര്യമാക്കി. |

**സെക്ഷൻ ഓഫീസർ**